**<u>15 -ാം കേരള നിയമസഭ</u>**

**<u>8 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2885</u>** **<u>28-02-2023 - ൽ മറുപടിയ്ക്ക്</u>**

**<u>പൊന്നാനി മണ്ഡലത്തിൽ ആധുനിക കടൽത്തീര സംരക്ഷണ രീതികൾ ഉപയോഗിച്ച് കടൽഭിത്തി നിർമ്മാണം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പൊന്നാനി മണ്ഡലത്തിൽ ടെട്രാപോഡ് പോലെയുള്ള ആധുനിക കടൽത്തീര സംരക്ഷണ രീതികൾ ഉപയോഗിച്ച് കടൽഭിത്തി നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ? | (എ) | മലപ്പുറം ജില്ലയിൽ വെളിയങ്കോട്, പെരുമ്പടപ്പ് എന്നീ പഞ്ചായത്തുകളിലും പൊന്നാനി മുനിസിപ്പാലിറ്റി പ്രദേശവും ഉൾപ്പെടുന്ന പൊന്നാനി തീരദേശ മേഖല രൂക്ഷമായ കടലാക്രമണം നേരിടുന്ന പ്രദേശമായതിനാലും, തീരദേശ മേഖല ഹോട്ട്സ്പോട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാലും ടെട്രാപോഡ്പോലെയുള്ള ആധുനിക കടൽത്തീര സംരക്ഷണ രീതികൾ ഉപയോഗിച്ച് കടൽ ഭിത്തി നിർമ്മിക്കുന്നതിന് "National Centre for Coastal Research (NCCR) എന്ന ഏജൻസി ജലസേചന വകുപ്പിലെ കോസ്റ്റൽ വിഭാഗവുമായി ചേർന്ന് 11/08/2022, 12/08/2022 എന്നീ തീയതികളിൽ സന്ദർശിച്ചിട്ടുള്ളതും പ്രാഥമിക വിവരങ്ങൾ ശേഖരിച്ചിട്ടുള്ളതുമാണ്. പ്രസ്തുത റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തി നടപ്പിലാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ